## വളരെപ്രധാനപ്പെട്ടത്

നം. എ12–5009/09/സി.റ്റി

വാണിജ്യ നികുതി വകുപ്പ് കമ്മീഷണറേറ്റ്
തിരുവനന്തപുരം,
തീയതി: 30 .01 .2009

## സർക്കുലർ 2/09

വിഷയം: വാണിജ്യ നികുതി വകുപ്പ്– ഓഫീസ് മുദ്ര ദുരുപയോഗം ഒഴിവാക്കുന്നത്–സംബന്ധിച്ച്

സൂചന–

വാണിജ്യ നികുതി ഓഫീസുകൾ, ചെക്ക് പോസ്റ്റുകൾ തുടങ്ങിയ വകുപ്പിന്റെ ഓഫീസ് മുദ്ര, ഫാറങ്ങൾ, ചെല്ലാൻ, ചെക്ക് പോസ്റ്റു ഡിക്ക്ളറേഷനുകൾ ഇവയിൽ പതിച്ചുനൽകുന്നത് വകുപ്പിലെ ഉദ്യോഗസ്ഥൻ തന്നെയായിരിക്കണമെന്നും ആയത് വെളിയിൽനിന്നുള്ളവർ കൈകാര്യം ചെയ്യാനിടവരരുതെന്നും പലപ്രാവശ്യം ഈ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ചില ഓഫീസുകളിൽ വെളിയിൽനിന്നുള്ളവർ ഇതു കൈകാര്യം ചെയ്യുന്നതായി ഈ ഓഫിസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് സീൽ, ഓഫീസ് മേലധികാരിയോ ടിയാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ കൈകാര്യം ചെയ്യേണ്ടതും സുരക്ഷിതമായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസ് മുദ്ര മറ്റുള്ളവർ കൈകാര്യം ചെയ്താൽ സർക്കാരിന് സമ്പത്തിക നഷ്ടംവരെ ഉണ്ടാകാനിടയുണ്ട്. ആയതിനാൽ ഓഫീസ് മുദ്ര ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ കൈകാര്യം ചെയ്യേണ്ടതും മറ്റുള്ളവർ കൈകാര്യം ചെയ്യാനിടവരാതെ സൂരക്ഷിതമായി സൂക്ഷിക്കേണ്ടതുമാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനുമേൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

ഒപ്പ്
കമ്മീഷണർക്കുവേണ്ടി
ജോയിന്റ് കമ്മീഷണർ–1

വകുപ്പിന്റെ എല്ലാ ഓഫീസുകളിലേക്കും അയക്കുന്നു.

//അംഗീകാരത്തോടെ //

സൂപ്രണ്ട്